**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 345** **22-02-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെ നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരള പഞ്ചായത്ത് രാജ് ആക്റ്റിലും മുനിസിപ്പാലിറ്റി ആക്റ്റിലുമുള്ള വേക്കൻസി റമിഷൻ വ്യവസ്ഥ പ്രകാരം കോവിഡ് പ്രതിസന്ധിമൂലം അടഞ്ഞുകിടക്കുന്ന വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെ നികുതി ഒഴിവാക്കുന്നതിന് സർക്കാർ എന്തെങ്കിലും പ്രത്യേക ഉത്തരവ് ഇറക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. 10.09.2021 ലെ സ.ഉ.(സാധാ) നം.1726/2021/തസ്വഭവ ഉത്തരവ് പ്രകാരം കൊവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സംരംഭകരെ പിന്തുണയ്ക്കുന്നതിന്റെ ഭാഗമായി, 2021-2022 സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധ വർഷത്തെ വസ്തു നികുതിയിളവ് (വേക്കൻസി റെമിഷൻ) അനുവദിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി 15/10/2021 തീയതി വരെ നീട്ടി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിൽ ഇപ്രകാരം നികുതി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | (ബി) | ഇപ്രകാരം നികുതി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി ആകെ 348 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (സി) | എത്ര അപേക്ഷകൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്? | (സി) | മൊത്തം 172 അപേക്ഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ